# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2022** **22/01/2014-ൽ മറുപടിയ്ക്ക്**

### സുനാമി പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം

| ചോദ്യം<br>ശ്രീ. എം. ഉമ്മർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) സുനാമി പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒൻപത് വർഷമായിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ 22.02 കോടി രൂപയുടെ 37 ജീവനോപാധിപദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെട്ട മുനമ്പം ഫിഷറി ഹാർബറിന്റെ അഴീക്കോട് ഭാഗത്തെ വികസന പ്രവൃത്തി ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിനെതുടർന്ന് നിർത്തി വയ്ക്കുകയുണ്ടായിട്ടുണ്ട്.<br><br>കൂടാതെ ദുരന്ത നിവാരണ (ടി.ആർ.പി സെൽ) വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരുന്ന മുഴുവൻ വീടുകളും പൂർത്തീകരിച്ചിട്ടില്ല. 12060 വീടുകളിൽ 11313 വീടുകൾ പൂർത്തീകരിക്കുകയും 624 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. കോടതി സ്റ്റേയും മറ്റും കാരണം 123 വീടുകളുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ബി) എങ്കിൽ കേന്ദ്ര ഫണ്ട് ഉൾപ്പെടെ ഇതിനായി എന്ത് തുക നീക്കിവച്ചു; ആ തുക ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; | (ബി) സുനാമി പുനരധിവാസ പദ്ധതിയിൽ ഫിഷറീസ് വകുപ്പിന് അനുവദിച്ച 22.02 കോടി രൂപ ഉപയോഗിച്ച് 37 ജീവനോപാധി പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ഫിഷറീസ്, പോർട്ട് മേഖലകളിലായി അനുവദിച്ച 10780 ലക്ഷം രൂപയിൽ 255772 രൂപ തിരിച്ച് അടക്കുകയും ബാക്കി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും സന്നദ്ധ സംഘടനകളു മായി യോജിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമായിട്ടുണ്ട്. Hand made Toiletaries എന്ന പദ്ധതിയിൽ പാലക്കാടുള്ള IRTC (Integrated Rural Technology Centre) യുമായി യോജിച്ച് പ്രവർത്തിച്ചിട്ടുണ്ട്. Field level implementation Support ആണ് IRTC മുഖാന്തിരം നടപ്പിലാക്കിയത്. കൂടാതെ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ/ ക്ലസ്റ്റർ പ്രൊഡക്ഷൻ സെന്റർ പദ്ധതിയിൽ Equipping CPC/CRC component ന് SEUF (Socio Economic Unity Forum) എന്ന സംഘടനയുടെ സേവനം ലഭ്യമായിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ പദ്ധതിയിൽ വീടുകളുടെ നിർമ്മാണം QSSS പോലുള്ള സന്നദ്ധ സംഘടനകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിക്കായി അനുവദിച്ച തുകയിൽ ഇനി എന്ത് തുക ബാക്കിയുണ്ട്; അത് ഉപയോഗിച്ച് സുനാമി ബാധിത മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സുനാമി പുനരധിവാസ പദ്ധതിയിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കിയ 37 ജീവനോപാധി പദ്ധതികൾക്കായി അനുവദിച്ച 22.02 കോടി രൂപ മുഴുവനും വിനിയോഗിക്കുകയും 2012-ൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്കായി ഫിഷറീസ്, പോർട്ട് മേഖലകളിലായി അനുവദിച്ച 10780 ലക്ഷം രൂപയിൽ 255772 രൂപ ഒഴികെ ചെലവഴിക്കുകയും 255772 രൂപ പദ്ധതി കാലാവധി പൂർത്തിയായപ്പോൾ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ